**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227** | **22-07-2021 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ലഭ്യമല്ലാത്ത എത്ര വീട്ടുകളാണ് ഉള്ളതെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ വയറിങ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചു കൊണ്ട് കെ.എസ്.ഇ.ബി.എൽ -ൽ വൈദ്യുതി കണക്ഷൻ നൽകി വരുന്നു. എന്നാൽ വയറിങ് പൂർത്തീകരിക്കാത്തതോ വയറിങ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷനു അപേക്ഷ സമർപ്പിക്കാത്തതോ ആയ വീട്ടുകളുടെ എണ്ണം കെ.എസ്. ഇ.ബി.എൽ -ൽ ലഭ്യമല്ല. |
| (ബി) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ എത്ര വീട്ടുകൾക്കാണ് പുതുതായി വൈദ്യുതി കണക്ഷൻ നല്കാൻ സാധിച്ചത്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | മുൻസർക്കാരിന്റെ കാലഘട്ടത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ നൽകിയതുൾപ്പെടെ പുതുതായി 8,90,959 വീട്ടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത എത്ര വീട്ടുകൾ സംസ്ഥാനത്തുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (സി) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഇനിയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ലാത്ത വീട്ടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ശേഖരിക്കുവാനും തദ്ദേശസ്വയംഭരണവകുപ്പിന്റെ സഹകരണത്തോടെ അത്തരം വീട്ടുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കാനും കെ.എസ്.ഇ.ബി.എൽ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ആദിവാസി മേഖലകളിലടക്കം എല്ലാ വീട്ടുകളിലും വൈദ്യുതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ചു എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേക്കായി, വൈദ്യുതീകരിക്കാത്ത 64 ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തു വരുന്നു. ഇവ |

| | | | |
|---|---|---|---|
| | | | വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീ കരണത്തിനു വനത്തിൽ കൂടി ലൈൻ വലിച്ചു വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചു കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. അതിനാൽ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാ തല സമിതികൾ 05.07.2021 ലെ G.O(Rt)No.87/2021/PD പ്രകാരം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ നൽകിയ ഗാർഹിക കണക്ഷനുകൾ

| ജില്ല | നൽകിയ ഗാർഹിക വൈദ്യുതി കണക്ഷനുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1,13,442 |
| കൊല്ലം | 50,034 |
| പത്തനംതിട്ട | 22,804 |
| കോട്ടയം | 30,149 |
| ആലപ്പുഴ | 34,159 |
| എറണാകുളം | 99,311 |
| ഇടുക്കി | 32,230 |
| തൃശ്ശൂർ | 55,272 |
| പാലക്കാട് | 84,365 |
| മലപ്പുറം | 1,35,802 |
| കോഴിക്കോട് | 87,630 |
| കണ്ണൂർ | 63,720 |
| വയനാട് | 35,821 |
| കാസറഗോഡ് | 46,220 |
| **ആകെ** | **8,90,959** |

sd/-

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഊർജ്ജ വകുപ്പ്- സംസ്ഥാനത്തെ ആദിവാസി കോളനികളിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് കർമ്മപദ്ധതി - സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും രൂപീകരിച്ച് ഉത്തരവാകുന്നു.

---

**ഊർജ്ജ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.87/2021/ഊ.വ തീയതി,തിരുവനന്തപുരം, 05/07/2021

---

**ഉത്തരവ്**

സംസ്ഥാനത്തെ ആദിവാസി കോളനികളിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും ഇതുവരെ വൈദ്യുതി എത്താത്ത 60 കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനുമായി താഴെ പറയും പ്രകാരം സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും രൂപീകരിച്ച് ഉത്തരവാകുന്നു.

**സംസ്ഥാനതല സമിതി**

| | |
|---|---|
| സെക്രട്ടറി , ഊർജ്ജ വകുപ്പ് | കൺവീനർ |
| അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് | അംഗങ്ങൾ |
| പ്രിൻസിപ്പൽ സെക്രട്ടറി, വനം വകുപ്പ് | |
| സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് | |
| ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് | |
| ഡയറക്ടർ,അനർട്ട് | |
| ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് | |
| മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ | |

**ജില്ലാതല സമിതി**

| | |
|---|---|
| ജില്ലാ കളക്ടർ | ചെയർമാൻ |
| പ്രതിനിധി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് | കൺവീനർ |

| | |
|---|---|
| പ്രതിനിധി, പട്ടികവർഗ്ഗ വികസന വകുപ്പ് | |
| പ്രതിനിധി, തദ്ദേശസ്വയംഭരണ വകുപ്പ് | |
| പ്രതിനിധി, വനം വകുപ്പ് | അംഗങ്ങൾ |
| സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
സെക്രട്ടറി

അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽസെക്രട്ടറി, വനം വകുപ്പ്

സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും.

ചെയർമാൻ,കേരള സംസ്ഥാന വൈദ്യുതി ബോർഡ്

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

ഡയറക്ടർ.അനർട്ട്

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്
പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്

വനം വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ